മിസ്റ്റർ കെ. കെ. കണ്ണൻ: രാജിവെച്ചു പോകാമെന്ന സമ്മതിച്ചുകൊണ്ടാണോ അദ്ദേഹത്തിന്റെ പേരിലുള്ള കേറത്തെ കേറിച്ചു പിന്നെ അന്വേഷിക്കാതിരുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ കെ. കെ. കണ്ണൻ: അതിൽ എന്താണ് ന്യായം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: രാജിവെച്ചു തന്നെ.

മിസ്റ്റർ കെ. കെ. കണ്ണൻ: എങ്കിലും കേറമുണ്ടോ എന്നന്വേഷിക്കേണ്ടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു Anonymous പെറ്റീഷൻ ഗവണ്മെണ്ടിനു കിട്ടി. അതനുസരിച്ച് അന്വേഷണം നടത്താൻ ഡയറക്ടർ തന്നെ പോയി. അതിൽ പറയുന്ന മാതിരി കേറം ചെയ്തുവെന്നതിനു് അദ്ദേഹത്തിനെതിരായ ഒരു തെളിവും, ഒരു കടലാസുകഷ ണംപോലും അന്വേഷിച്ചതിൽ കിട്ടാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഡയറക്ടക്ക് തെളിവി ല്ലെങ്കിലും അങ്ങിനെ ചെയ്തിട്ടുണ്ടെന്നു് ഒരു Impression ഉണ്ടായിട്ടുണ്ട്. പക്ഷെ തെളി വില്ല. ഈ നിലയിൽ രാജിവെച്ചു പോയില്ലെങ്കിൽ പിന്നെന്താണ് ചെയ്യേണ്ടതെന്നു് ഗവണ്മെണ്ടു വിഷമിച്ചിരിക്കുകയായിരുന്നു. അപ്പോഴാണ് അദ്ദേഹം രാജിവെച്ചതു്. അതു് ഗവണ്മെണ്ടു സ്വീകരിച്ചു.

Mr. President: Order, order. The question time is over.

ARTICLE IN THE "DEENABANDHU" DATED 5th JULY 1947

ഡോ. പൈധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ:—

ജൂലായി 6-ാംന-ത്തെ ദീനബന്ധുവിൽ എടതിരിഞ്ഞി വില്ലേജിൽ ഒരു മിസ്സ്"വൈ ഫിനെ വെച്ചുകിട്ടണമെന്നു കാണിച്ചു പൌരപംക്തിയിൽ ഒരു ലേഖനം എഴുതിയിരുന്നതു് ഗവണ്മെണ്ടു് ശ്രദ്ധയിൽ പെട്ടിട്ടിണ്ടോ; ഉണ്ടെങ്കിൽ അതിനെക്കുറിച്ചു എന്തു നടപടി എടുത്തു?

റാവു ബഹദൂർ ടി. കെ. നായർ: ഉവ്വ്. എടതിരിഞ്ഞി വില്ലേജ് പടിയൂർ പഞ്ചായത്തിൽ ഉൾപ്പെട്ടതാണു്. പ്രസ്തുതപഞ്ചായത്തിൽ ഒരു മിസ്സ്"വൈഫിനെ നിയമിച്ചിട്ടുണ്ടു്.

MILL CLOTH—DISTRIBUTION OF

224. **Mrs. K. M. R. Menon** *(Trichur-Women): (a)* Will Government be pleased to make any improvements in the distribution of mill made cloth during the coming Onam Season;

(b) will there be some improvement in the present quota?

Mr. P. Govinda Menon *(Minister for Food and Education):* (a) Government are trying their utmost to make some improvement and expect to meet the requirements of the people as far as possible with the limited quantity of mill cloth available with them.

(b) Government cannot give any assurance on the question of improvement in the present quota in the immediate future.

RATION SHOPS—ENTRUSTMENT OF

225. **Mr. K. Balakrishna Menon** *(Cheruthuruthi):* Will Government be pleased to state.—

if ration shops now conducted by private individuals will be entrusted to Co-operative Societies when there is a demand for the same by the latter?

Mr. P. Govinda Menon *(Minister for Food and Education):*

No. Retailers will not be removed when there is no fault on their part merely for finding place for Societies. Government, however, give preference to Societies in filling up vacancies for retail shops.

RAILWAY BRIDGE AT ALWAYE

226. മിസ്റ്റർ എം. കെ. തോമാക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാന പ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ —

(എ) ആലുവാ റെയിൽവെ ബ്രിഡ്ജിൽകൂടി വാഹനങ്ങൾ കടത്തിക്കൊണ്ടുപോകുന്ന തിനെ സംബന്ധിച്ചു ഡൽഹിയിൽ ചെന്നു് ഉത്സാഹിച്ചതായും രണ്ടുമാസത്തിനകം ഈ

LIBRARY ARCHIVES Kerala Legislative Assembly

ന്ന കിട്ടുവാൻ ഇടയുള്ളതായും ഒരു പ്രസ്സ് കോൺഫറൻസിൽവെച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസ്താവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു;

(സി) ഇപ്പോഴത്തെ നില എന്താണു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ആലുവാ റെയിൽവെ ബ്രിഡ്ജിൽക്കൂടി വാഹനങ്ങൾ കൊണ്ടുപോകുന്നതിനെ സംബന്ധിച്ചു് ഇൻഡ്യാ ഗവൺമെണ്ടു് ട്രാൻസ്പോർട്ടു് മെമ്പരോടു സംസാരിച്ചതായി പ്രസ്സ് കോൺഫറൻസിൽ പ്രസ്താവിക്കുകയുണ്ടായി. രണ്ടുമാസത്തിനുള്ളിൽ ഇതിനു കിട്ടുവാൻ ഇടയുണ്ടെന്നു പറഞ്ഞിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ആലുവാ റെയിൽവെ ബ്രിഡ്ജിൽക്കൂടി മറ്റു വാഹനങ്ങൾക്കും ഗതാഗത സൌകര്യം ഉണ്ടാക്കേണ്ടതിലേക്കു വേണ്ട നടപടികൾ എടുത്തുവരുന്നുണ്ടു്.

MEASURING OF GRAIN, ETC.

227. **Mr. Paramel Ipe Ipe** *(Kunnamkulam):* Will Government be pleased to state.—

(*a*) is the Government aware that quantities of grain or rice exceeding one para are measured out to buyers by Edangazhies by the ration shop owners;

(*b*) is there any rule or practice that ration shop owners should measure out quanties exceeding one para by using para and not by measures of smaller denomination?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) Yes. But retailers who own paras are using the same for issues exceeding one para.

(*b*) No.

PADDY—COLLECTION OF

228. **Mr. A. Eachara Menon** *Chittur-Tattamangalam):* Will Government be pleased to state—

(*a*) what is the quantity of paddy collected by the controlling authority from Chittur;

(*b*) what is the expense by way of pay for the collection of this quantity;

(*c*) what is the expense by way of transport within the taluk;

(*d*) whether they have considered any other feasible method where the expenses will be less?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) 21, 15, 872 paras 6 ed. 3 nilas in 1121.

(*b*) Pay Rs. 10,704—11—0. D. A. Rs. 6,719—0—0.

(*c*) Rs. 80,941—7—9.

(*d*) The existing method is considered to be most feasible and least expensive.

JAGGERY AND SUGAR—DISTRIBUTION OF

229. എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂറിലും ബ്രിട്ടീഷിലും ശർക്കര, പഞ്ചസാര മുതലായ ഇനങ്ങൾ ഇപ്പോഴും കച്ചവടക്കാരാണു വിതരണം ചെയ്യുവരുന്നതെന്നുള്ള സത്യാവസ്ഥ ഗവൺമെണ്ടു് അറിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരം നടപടികൾ എന്തുകൊണ്ടു് ഇവിടേയും നടത്തിക്കൂടാ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) തിരുവിതാംകൂറിലും ബ്രിട്ടീഷിലും ശർക്കരയും പഞ്ചസാരയും വിതരണം ചെയ്യുന്നതു കച്ചവടക്കാർ മുഖാന്തിരമാണെന്നറിയുന്നുണ്ടു്.

(ബി) ഇവിടെ കച്ചവടക്കാരെ ഒഴിച്ചുനിറുത്തി ഗവൺമെണ്ടു് അധീനത്തിലുള്ള ഷാപ്പുകൾ മുഖാന്തിരം വിതരണം നടത്തുന്നതുകൊണ്ടു കൂടുതൽ കാര്യക്ഷമതയോടെയും പൊതുജനങ്ങൾക്കു കൂടുതൽ ഉപകാരപ്രദമായിട്ടും വിതരണം നടക്കുന്നതായിട്ടാണു് അനുഭവപ്പെട്ടിരിക്കുന്നതു്. ശർക്കര മുതലായ ഭൌർല്ലഭ്യമുള്ളതും ജനങ്ങൾക്കു് അത്യാവശ്യവും ആയ വിഭവങ്ങളുടെ ഇപ്പോഴത്തെ വിതരണ സമ്പ്രദായം അവയുടെ ക്ഷാമം തീരുന്നതുവരെ തുടർന്നുപോകേണ്ടതു് ആവശ്യമായിട്ടാണു് കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly